**പാഠം 3**
**<u>കാളകൾ</u>**

ആമുഖം: രാപ്പകൽ അധ്വാനിച്ചിട്ടും ജീവിതത്തിൽ ഒന്നും നേടാൻ കഴിയാതെ പോകുന്ന പാവപ്പെട്ട മനുഷ്യരുടെ കഥ ചിത്രീകരിച്ചിരിക്കുന്ന പി. ഭാസ്കരൻെറ കവിതയാണ് 'കാളകൾ'.

**<u>ചോദ്യോത്തരങ്ങൾ</u>**

1. **"മന്നിൻെറ നിലയ്ക്കാത്ത പ്രഹരം സഹിക്കയാൽ**
**പുണ്ണുകൾ പടർന്നിട്ടുണ്ടവനും കരൾക്കാമ്പിൽ"– ആശയം വിശദമാക്കുക.**?

ഉ: കാളകളെ പോലെ നിരന്തരമായി അധ്വാനിച്ച്, ജീവിക്കാനുള്ള വക കണ്ടെത്തുന്ന നിസ്സഹായനായ മനുഷ്യനാണ് കാളവണ്ടിക്കാരൻ. ജീവിതഭാരം വഹിച്ച് അയാളുടെ തോളുകൾ കുനിഞ്ഞിരിക്കുന്നു. ദീർഘമായ യാത്ര അയാളുടെ കാലുകൾക്ക് തേയ്മാനം വരുത്തിയിരിക്കുന്നു. അയാളുടെ കണ്ണുകൾ കണ്ണുനീർ വറ്റി നിർജീവങ്ങളായവയാണ്. ജീവിതം നൽകിയ വലിയ കഷ്ടപ്പാടുകൾ കാരണം അയാളുടെ മനസ്സാകെ തളർന്നുപോയിരിക്കുന്നു. ഭൂമിയുടെ നിലയ്ക്കാത്ത പ്രഹരം സഹിച്ച് അയാളുടെ കരൾ പുണ്ണുപിടിച്ചിരിക്കുന്നു.

**2. രാപകലില്ലാതെ കഠിനമായി അധ്വാനിക്കുന്നവനാണ് കാളവണ്ടിക്കാരൻ എന്ന് കവിതയിൽ നിന്നും എങ്ങനെ മനസ്സിലാക്കാം?**

ഉ: പ്രഭാതത്തിൽ കന്യകമാർ താമരക്കുളത്തെ ലക്ഷ്യമാക്കി വെള്ളം ശേഖരിക്കാൻ പോകുമ്പോഴും കൃഷിക്കാർ തങ്ങളുടെ കൃഷിക്ക് വെള്ളം നനയ്ക്കുമ്പോഴും കാളവണ്ടിക്കാരൻ അയാളുടെ ജോലി വിശ്രമമില്ലാതെ തുടരുകയായിരുന്നു. ഉച്ചസമയത്ത് വഴിയാത്രക്കാർ ക്ഷീണം അകറ്റാനായി മരത്തണലിൽ വിശ്രമിക്കുമ്പോഴും കാളവണ്ടിക്കാരൻ അയാളുടെ യാത്ര തുടർന്നുകൊണ്ടേയിരുന്നു. രാത്രിയിൽ എല്ലാവരും ഉറങ്ങുന്ന സമയത്തും കാളവണ്ടിക്കാരൻ വണ്ടിയും തെളിച്ചുകൊണ്ട് പോകുന്നത് കാണാമായിരുന്നു. രാപകൽ വ്യത്യാസമില്ലാത്ത അധ്വാനമായിരുന്നു അയാൾക്കു ജീവിതം.

**3. കാളവണ്ടിക്കാരൻെറ മരണം കവി ചിത്രീകരിച്ചിരിക്കുന്നത് എങ്ങനെ?**

ഉ: ഒരു ദിവസം കവിക്ക് അപ്രതീക്ഷിതമായി ഒരു കാഴ്ച നേരിൽക്കാണേണ്ടിവന്നു. നാലാളുകൾ ചേർന്ന് കാളവണ്ടിക്കാരൻെറ ശവശരീരം ഒരു മരക്കട്ടിലിൽ കൊണ്ടുപോകുന്നത് അദ്ദേഹം കണ്ടു. ആ ശവശരീരത്തെ പിന്തുടരാൻ അദ്ദേഹത്തെ പോലെ വണ്ടിക്കാളകളായ നാലുപേരല്ലാതെ മറ്റാരും ഉണ്ടായിരുന്നില്ല. ദരിദ്രരായ മനുഷ്യരുടെ മരണം പോലും ആരെയും ഒട്ടും വേദനിപ്പിക്കില്ല എന്നാണ് കവി ഇതിലൂടെ അർഥമാക്കുന്നത്.

*     *     *     *